ഉത്തരം

(എ) സംസ്ഥാനത്ത് മാർച്ച് 1986 വരെയുള്ള കണക്കനുസരിച്ച് 6863 ലൈസൻസ് ഉള്ള മണി ലെൻഡേഴ്സ് പ്രവർത്തിക്കുന്നുണ്ട്. ജില്ലതിരിച്ചുള്ള കണക്ക് ശേഖരിച്ചുവരുന്നു.

(ബി) മൊത്തം ആസ്തിയുടെ കണക്ക് ലഭ്യമല്ല. ഇവ സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥയെ വളരെ സ്വാധീനിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് മണി ലെൻഡേഴ്സ് ആക്ട് അനുസരിച്ച് പണമിടപാട് നടത്തുന്ന സ്ഥാപനങ്ങൾ

257. [311] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മണി ലെൻഡേഴ്സ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള എത്ര പണമിടപാട് സ്ഥാപനങ്ങൾ ഉണ്ട് ;

(ബി) മറ്റു സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത കേരളത്തിൽ പ്രവർത്തിച്ചുവരുന്ന പണമിടപാട് സ്ഥാപനങ്ങളെത്ര ;

(സി) അമിത പലിശ ഈടാക്കുന്ന ഇത്തരം സ്ഥാപനങ്ങളിൽ ഏതിന്റെയെല്ലാം പേരിലാണ് ഇതിനകം നടപടികൾ കൈക്കൊണ്ടിട്ടുള്ളത് ?

ഉത്തരം

(എ) 1986 മാർച്ച് വരെയുള്ള കണക്കനുസരിച്ച് 6863 ലൈസൻസുള്ള പണമിടപാട് സ്ഥാപനങ്ങൾ ഉണ്ട്.

(ബി) മറ്റു സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും ഈ സംസ്ഥാനത്ത് പണമിടപാട് നടത്തുന്നതിന് നിയമപ്രകാരം ഇവിടെ ലൈസൻസ് എടുക്കേണ്ടതാണ്. മറ്റു സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത് കേരളത്തിൽ പ്രവർത്തിച്ചുവരുന്ന പണമിടപാട് സ്ഥാപനങ്ങൾ എത്രയെന്ന് അറിയില്ല.

(സി) അമിത പലിശ ഈടാക്കിയ ലാബെല്ലാ ഫൈനാൻസിയേഴ്സ്, കൊച്ചി, മണി ആൻറ് കോ, പാലക്കാട് എന്നീ സ്ഥാപനങ്ങളുടെ പേരിൽ നടപടി എടുത്തു കഴിഞ്ഞിട്ടുണ്ട്. കൂടാതെ സമരിയാസ് ഫൈനാൻസ് എന്നീ സ്ഥാപനത്തിന്റെ പേരിൽ നടപടി ആരംഭിച്ചിട്ടുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

II. അടിയന്തിര പ്രമേയം

പ്രീഡിഗ്രി പരീക്ഷാഫലങ്ങളിലെ ക്രമക്കേടുകൾ

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ : ഇക്കഴിഞ്ഞ ജൂൺ, ജൂലൈ മാസങ്ങളിൽ സംസ്ഥാനത്തെ സർവ്വകലാശാലകൾ പ്രസിദ്ധപ്പെടുത്തിയ പ്രീ-ഡിഗ്രി പരീക്ഷാഫലങ്ങളിലെ ക്രമക്കേടുകളിൽ ആയിരക്കണക്കിന് വിദ്യാർത്ഥികളും രക്ഷകർത്താക്കളും അനുഭവിക്കുന്ന ദുരിതംമൂലം ഉളവായതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് ചർച്ച ചെയ്യാൻ ഇന്നത്തെ സഭാ

LIBRARY ARCHIVES Kerala Legislative Assembly

നടപടികളും നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ ഇ. കെ. നായനാർ, കെ. പി. രാഘവൻ, എ. സി. ഷൺമുഖദാസ്, ബേബിജോൺ, കെ. കൃഷ്ണൻകുട്ടി എന്നീ ബഹുമാനപ്പെട്ട അംഗങ്ങളും 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, കഴിഞ്ഞ പ്രീ-ഡിഗ്രി പരീക്ഷാഫലത്തെ സംബന്ധിച്ചുള്ള വിശദമായ വിവരങ്ങൾ ഞാൻ ഇന്നലെ ഒരു സ്റ്റാർഡ് കസ്റ്റ്യനു മറുപടിയായി ഈ നിയമസഭയിൽ പറഞ്ഞതാണ്. കേരളാ, കാലിക്കറ്റ്, ഗാന്ധിജി യൂണിവേഴ്സിറ്റികളിലായി 4199 കുട്ടികളുടെ പരീക്ഷാഫലം പ്രസിദ്ധീകരിക്കാനുണ്ട്. അതിൽ കേരളാ യൂണിവേഴ്സിറ്റിയിൽ 3726-ഉം കാലിക്കട്ട് യൂണിവേഴ്സിറ്റിയിൽ 350-ഉം ഗാന്ധിജി യൂണിവേഴ്സിറ്റിയിൽ 123 എണ്ണവുമാണ് ഇനി അവശേഷിക്കുന്നത്. ഇതിൽ കേരളാ യൂണിവേഴ്സിറ്റിയിലുള്ള 3726 കേസുകളിൽ 2500 കാൻഡിഡേറ്റ്സിന് ഇതിനകംതന്നെ ടെമ്പററി മാർക്ക് ലിസ്റ്റ് ഇഷ്യു ചെയ്തു. അവർ പ്രത്യേകം ഫീസ് അടച്ച്, ആവശ്യപ്പെട്ടതനുസരിച്ച് ടെമ്പററി മാർക്ക് ലിസ്റ്റ് കൊടുത്തു കഴിഞ്ഞിട്ടുണ്ട്. അതിന്റെ ഔദ്യോഗികമായ പ്രസിദ്ധീകരണം നടന്നിട്ടില്ലെന്നു മാത്രമേയുള്ളു. അതുപോലെ കേരളാ യൂണിവേഴ്സിറ്റിയിൽ മാൽപ്രാക്ടീസ് നടത്തിയ കേസുകളിൽ 186 എണ്ണമുണ്ട്. ഇതു രണ്ടും കഴിഞ്ഞാൽ അവശേഷിക്കുന്ന കേസുകൾ 1030 ആണ്. ഈ 1030 കേസുകളിൽ പലതിലും മാർക്ക് ലിസ്റ്റ് കിട്ടാത്തതാണ് പ്രധാനപ്പെട്ട കാരണം. സാധാരണഗതിയിൽ രണ്ടാമത്തെ വർഷം പരീക്ഷ എഴുതുന്ന ഒരു കുട്ടി അതിന്റെ തലേ വർഷം ഏതു സെന്ററിൽ പരീക്ഷ എഴുതിയെന്നും അതിന്റെ രജിസ്ട്രേഷൻ നമ്പരടക്കമുള്ള വിശദാംശങ്ങൾ ഫോറത്തിൽ പൂരിപ്പിച്ച് കൊടുക്കണമെന്നുള്ള നിബന്ധനയുണ്ട്.

അതുപോലെതന്നെ കഴിഞ്ഞ സമ്മേളനത്തോടനുബന്ധമായി ചില കുട്ടികളുടെ നോമിനൽ റോളും മറ്റു ചില കുട്ടികളുടെ മാർക്ക് ഷീറ്റും കണ്ടെടുക്കാൻ ബുദ്ധിമുട്ടു വന്നതുകൊണ്ടാണ് 1030 കുട്ടികളുടെ പരീക്ഷാഫലം പ്രസിദ്ധീകരിക്കുവാൻ കേരളാ യൂണിവേഴ്സിറ്റിക്ക് കഴിയാതെ വന്നത്. കാലിക്കട്ട് യൂണിവേഴ്സിറ്റിയിൽ 350 കുട്ടികളുടെ പരീക്ഷാഫലമാണ് തടഞ്ഞുവച്ചിരിക്കുന്നത്. അതിൽ 110 കേസുകളും മാൽപ്രാക്ടീസ് നടന്നതാണ്. ബാക്കി 240 കേസുകളാണ് അവശേഷിക്കുന്നത്. പല കുട്ടികളും അവരുടെ എക്സാമിനേഷനുള്ള ഫോറം പൂരിപ്പിച്ച് കൊടുത്തതിനകത്ത് പൂർണ്ണമായ വിവരങ്ങൾ നൽകാത്തതാണ് ഇതിന് പ്രധാനപ്പെട്ട കാരണങ്ങളെന്നാണ് യൂണിവേഴ്സിറ്റിയിൽനിന്ന് ലഭ്യമായ വിവരങ്ങളനുസരിച്ച് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ഗാന്ധിജി യൂണിവേഴ്സിറ്റിയിൽ 123 പേരുടെ പരീക്ഷാഫലമാണ് ഇനിയും പ്രസിദ്ധീകരിക്കുവാനുള്ളത്. അതിൽത്തന്നെ 19 പേരുടെ ഫലം ഇന്നലെയും മിനിഞ്ഞാന്നുമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബാക്കി അവശേഷിക്കുന്ന 104 കേസുകളിൽ മാൽപ്രാക്ടീസ് നടന്ന കേസുകളൊഴിച്ചാൽ ചുരുക്കം ചില കേസുകളും മാത്രമേ അവശേഷിക്കുന്നുള്ളു. ആകെക്കൂടി ഈ മൂന്നു യൂണിവേഴ്സിറ്റികളിലുമായി പരീക്ഷാഫലം പ്രസിദ്ധീകരിക്കുവാൻ ഇനി അവശേഷിക്കുന്നത് 1374 കുട്ടികളുടേതാണ്. ഈ പരീക്ഷാഫലങ്ങൾ കഴിയുന്നതും വേഗം പ്രസിദ്ധീകരിക്കുവാനുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. യൂണിവേഴ്സിറ്റി അധികാരികളുമായി ഇന്നു രാവിലെയും ഈ കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയു

LIBRARY ARCHIVES Kerala Legislative Assembly

ണ്ടായി. അവർ പറഞ്ഞത്, അടുത്ത ഏതാനും ദിവസങ്ങൾക്കുള്ളിൽതന്നെ ബാക്കിയുള്ള കുട്ടികളുടെ പരീക്ഷാഫലങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങളും പുറത്തു കൊണ്ടുവരാൻ കഴിയുമെന്നാണ്. അതുകൊണ്ട്, ആയിരക്കണക്കിന് വിദ്യാർത്ഥികളുടെ പരീക്ഷാഫലം പ്രസിദ്ധീകരിക്കാത്തതുവഴി ഗുരുതരമായ സ്ഥിതി വിശേഷമൊന്നും ഉണ്ടായിട്ടില്ല. കഴിയുന്നതും വേഗം ഈ പ്രശ്നങ്ങൾ ഭംഗിയായ നിലയിൽ പരിഹരിക്കുവാനുള്ള നടപടികളാണ് എടുത്തിട്ടുള്ളത്. അതുകൊണ്ട് ഈ പ്രശ്നം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

ശ്രീ. ഇ. കെ. നായനാർ : ഡെപ്യൂട്ടി സ്പീക്കർ സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ഇന്നലെ ചോദ്യത്തിന് ഉത്തരമായി നൽകിയ അതേ മറുപടി തന്നെ ഇന്നും മറ്റൊരാവർത്തനമായി ഇവിടെ നൽകി. ഇത് വസ്തുതകൾക്ക് നിരക്കാത്തതാണ്. പ്രീ ഡിഗ്രി പരീക്ഷാ ഫലങ്ങളെ സംബന്ധിച്ച് കേരളാ സർവ്വകലാശാലയിൽ 3726 പേരുടെയും കാലിക്കട്ട് സർവ്വകലാശാലയിൽ 350 പേരുടെയും ഗാന്ധിജി സർവ്വകലാശാലയിൽ 123 പേരുടെയും പരീക്ഷാഫലം ഇനിയും പ്രസിദ്ധീകരിക്കാൻ ബാക്കിയുണ്ട്. അത് ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ സമ്മതിക്കുകയും ചെയ്തു. പരീക്ഷാ ഫലങ്ങളെക്കുറിച്ച് കാലിക്കട്ട് സർവ്വകലാശാലയിൽ 2500 പരാതികളും ഗാന്ധിജി സർവ്വകലാശാലയിൽ ആറ് പരാതികളും കേരളാ സർവ്വകലാശാലയിൽ 4358 പരാതികളും കിട്ടിയതായി മന്ത്രി ഇന്നലെ പറഞ്ഞു. അതിൽ കാലിക്കട്ട് സർവ്വകലാശാലയിലും ഗാന്ധിജി സർവ്വകലാശാലയിലും ലഭിച്ച മുഴുവൻ പരാതികൾക്കും, കേരളാ സർവ്വകലാശാലയിലെ 1812 പരാതികൾക്കും പരിഹാരം ഉണ്ടാക്കിയെന്നും ഇന്നലെ മന്ത്രി ഇവിടെ പറഞ്ഞു. മന്ത്രി പറഞ്ഞ കാര്യങ്ങൾ ശരിയല്ലെങ്കിൽ വിദ്യാർത്ഥികൾക്കും, രക്ഷകർത്താക്കൾക്കും ഇന്നത്തെ ദുരവസ്ഥ ഉണ്ടാകാൻ കാരണമില്ല. തീർച്ചയായും അതുണ്ടാകാൻ ന്യായമില്ല. ഇന്നലെയും ഇന്നും നിയമസഭയെ തെറ്റിദ്ധരിപ്പിക്കുകയാണ് മന്ത്രി ചെയ്തത്. യഥാർത്ഥത്തിൽ സംഭവിച്ചതെന്താണ്? ഏപ്രിൽ-മേയ് മാസങ്ങളിൽ നടത്തിയ പരീക്ഷകളുടെ ഫലങ്ങൾ കേരള സർവ്വകലാശാല ഇക്കഴിഞ്ഞ ജൂൺ-ജൂലൈ മാസങ്ങളിൽ പ്രസിദ്ധീകരിച്ചു. ആദ്യം ഗാന്ധിജി സർവ്വകലാശാല, പിന്നെ കേരളാ സർവ്വകലാശാല മൂന്നാമത് കാലിക്കട്ട് സർവ്വകലാശാല ഈ മുറയ്ക്കാണ് ഫലങ്ങൾ പ്രസിദ്ധീകരിച്ചത്. ഗഡുക്കളായിട്ടാണ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചത്. കേരളാ സർവ്വകലാശാല ജൂലൈ 1-ാം തീയതി ഒരു ലിസ്റ്റ് പ്രസിദ്ധീകരിച്ചു. പിന്നീട് അത് തിരുത്തിക്കൊണ്ട് വീണ്ടും ജൂലൈ 12-ന് മറ്റൊരു ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ഇന്നും മുഴുവൻ പരീക്ഷാഫലങ്ങളും പ്രസിദ്ധീകരിച്ചിട്ടില്ലെന്ന് മന്ത്രി ഇപ്പോൾ സമ്മതിച്ചിട്ടുണ്ട്. പ്രീ ഡിഗ്രി പരീക്ഷാ ഫലങ്ങൾ കൃത്യമായി പ്രസിദ്ധീകരിക്കുവാൻ വേണ്ട നടപടികളുമായിട്ട് മുമ്പോട്ടു പോകുമ്പോഴാണ് സ്വകാര്യ വിദ്യാഭ്യാസ കച്ചവടക്കാരെ പ്രീണിപ്പിക്കുവാൻവേണ്ടി പ്രീഡിഗ്രി ബോർഡ് തീരുമാനം എടുത്തത്. ഇത് വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും അദ്ധ്യാപകേതര ജീവനക്കാരെയും സമരത്തിലേക്ക് തള്ളിവിട്ടു. സർവ്വകലാശാലാ ജീവനക്കാരുടെ സമരം സർക്കാർ ക്ഷണിച്ചു വരുത്തുകയാണ് ചെയ്തത്. അവകാശങ്ങൾ സംരക്ഷിക്കുവാൻവേണ്ടി സമരംചെയ്ത ജീവനക്കാരുമായി സമരത്തിന് ഏർപ്പെടുത്തിയ പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്ത് പരിഹാരം കാണാതെ ദുർവാശിയും ദുരഭിമാനവും നിലനിർത്തുകയാണ് ഈ മന്ത്രി ശ്രമിച്ചത്. സമരത്തെ അടിച്ചമർത്താനും ബദൽ സംവിധാനങ്ങൾ ഏർപ്പെടുത്തി പരീക്ഷാഫലം പ്രസിദ്ധീകരിക്കുകയാണ് ഈ സർക്കാർ ശ്രമിച്ചത്. ഇതിന് 32 ലക്ഷം രൂപ അധികച്ചെലവുണ്ടായി. ഉടനടി പരീക്ഷാഫലങ്ങൾ പ്രസിദ്ധീകരിക്കുവാൻ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

സർവ്വകലാശാലാ അധികൃതരുടെ മേൽ സമ്മർദ്ദം ചെലുത്തി. പരീക്ഷാ പേപ്പർ നോക്കാൻ യോഗ്യത ഇല്ലാത്തവരെക്കൊണ്ട് പേപ്പർ പരിശോധിപ്പിച്ചു. പരിചയമില്ലാത്തവരെക്കൊണ്ട് കമ്പ്യൂട്ടർ ഉപയോഗിച്ച് ഫലം പ്രസിദ്ധീകരിപ്പിച്ചു. ടാബുലേഷനും നടത്തി. കമ്പ്യൂട്ടർമാർക്ക് ലിസ്റ്റ് നല്കാൻ വേണ്ടി നാലുലക്ഷം രൂപ ലാൽ ബഹദൂർ ശാസ്ത്രി സെൻറിനു മാത്രം കൊടുത്തു. കമ്പ്യൂട്ടർ ഏർപ്പെടുത്തിയതുകൊണ്ട് കൂടുതൽ കുഴപ്പങ്ങൾ ഉണ്ടാക്കുകയേ ചെയ്തിട്ടുള്ളൂ. ഈ പാഴ്ച്ചെലവെല്ലാം ഉണ്ടായിട്ടും എന്തു ഫലമാണ് ഉണ്ടായത്? ജയിച്ചവർ തോല്ക്കുകയും തോറ്റവർ ജയിക്കുകയുമാണ് ചെയ്തത്. ഇതിന്റെ കുറ്റം സമരം ചെയ്ത ജീവനക്കാരുടെ മേൽ ആരോപിക്കുവാനാണ് ഈ നാണംകെട്ട സർക്കാർ ശ്രമിച്ചത്. സമരം കഴിഞ്ഞ് ജോലിയിൽ പ്രവേശിച്ച് ആത്മാർത്ഥമായി പണിയെടുക്കുവാൻ തയ്യാറായവരുടെ മേൽ മുഴുവൻ ജോലിയും അടിച്ചേൽപ്പിക്കുവാൻ സർവ്വകലാശാലാ അധികൃതർ തയ്യാറായില്ല. ഈ ജീവനക്കാരോട് ആഭ്യന്തര സമരം നടത്താനാണ് അധികൃതർ പുറപ്പെട്ടത്. ഇതേ സമയം പരീക്ഷാക്രമക്കേടുകളും എത്രയും വേഗം പരിഹരിച്ച് വിദ്യാർത്ഥികളെയും രക്ഷകർത്താക്കളെയും സംരക്ഷിക്കുവാനുള്ള നടപടികളല്ല നമ്മുടെ സർക്കാർ ചെയ്തത്. അതുകൊണ്ട് ഇതിൽ സംഭവിച്ചിരിക്കുന്നത് എന്താണെന്നുവച്ചാൽ, (1) ഏപ്രിൽ മാസത്തിൽ നടത്തിയ പരീക്ഷകളുടെ ശരിയായ ഫലങ്ങളും ഒക്ടോബർ മാസമായിട്ടും പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ല. (2) പാസ്സായതായി പ്രഖ്യാപിച്ചതനുസരിച്ച് ഡിഗ്രി ക്ലാസുകളിൽ പ്രവേശിച്ച പലർക്കും അവർ തോറ്റതായി അറിയിപ്പ് കിട്ടി. അവരുടെ ഭാവി എന്താണ്? (3) കേരള സർവ്വകലാശാലയിൽ മാത്രം 85,000 പേർ തോറ്റതായി പ്രഖ്യാപനം നടത്തി. വാസ്തവത്തിൽ ഇവരെല്ലാം പരീക്ഷയിൽ തോറ്റവരല്ല. അവരുടെ പ്രാക്ടിക്കലിന്റെയും ഇംപ്രൂവ്മെന്റിന്റെയും മാർക്കുകൾ കണക്കിലെടുക്കാതെ ഫലം പ്രഖ്യാപിച്ചതാണ് കാരണം. ഇവർക്ക് ഇന്നുവരെ മാർക്ക് ലിസ്റ്റ് കൊടുത്തിട്ടില്ല. മുൻകാലങ്ങളിൽ റിസൾട്ട് പ്രഖ്യാപിച്ച് രണ്ടാഴ്ചയ്ക്കകം മാർക്ക് ലിസ്റ്റ് കൊടുക്കാറുണ്ടായിരുന്നു. (4) മാർക്ക് ലിസ്റ്റിനു 25,000ത്തോളം വിദ്യാർത്ഥികളിൽ നിന്ന് 50 രൂപ വച്ച് ഈടാക്കി. അവർക്കും മാർക്ക് ലിസ്റ്റ് കൊടുത്തിട്ടില്ല, ആ തുക റീഫണ്ട് ചെയ്തിട്ടുമില്ല. (5) തോറ്റ വിദ്യാർത്ഥികൾക്ക് സെപ്റ്റംബർ പരീക്ഷ എന്ന് എഴുതാനാവും? (6) 1987 ഏപ്രിൽ മാസത്തിലെ പ്രീഡിഗ്രി പരീക്ഷ എന്ന് നടത്താനാവും? (7) കേരള സർവ്വകലാശാല സാമ്പത്തിക അരക്ഷിതാവസ്ഥയിലാണ്. ജീവനക്കാരുടെ പ്രോവിഡൻറ് ഫണ്ട് ചെക്കു പോലും മാറുന്നില്ല. പരീക്ഷാ സെക്ഷനിൽ തോന്ന്യാസം നടക്കുന്നുവെന്ന് ഫൈനാൻസ് ആഫീസറുടെ നോട്ടിൽ തന്നെ പറയുന്നുണ്ട്. (8) മൂന്നു സർവ്വകലാശാലകളിലും ഒന്നാം ക്ലാസിൽ പാസാകുമെന്ന് ഉറപ്പുണ്ടായിരുന്ന പലരും തോറ്റതായും തോൽക്കുമെന്ന് കരുതിയിരുന്നവർ ഒന്നാം ക്ലാസിൽ ജയിച്ചതായും പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ യഥാർത്ഥ നില അറിയാൻ വല്ല മാർഗ്ഗവുമുണ്ടോ? (9) 'ഒരു നിശ്ചയവുമില്ല ഒന്നിനും' എന്ന് ആശാൻ പറയുന്ന മട്ടിൽ ഭാവിയെ ഓർത്ത് കണ്ണീർ കുടിച്ചുകൊണ്ട് ആരോടും പരാതിപ്പെട്ടാലും ഫലമില്ലെന്ന് കണ്ട് പരക്കം പായുന്ന ആയിരക്കണക്കിന് വിദ്യാർത്ഥികളും രക്ഷകർത്താക്കളുമാണ് ഇവിടെ ഉള്ളത്. നമ്മുടെ വിദ്യാഭ്യാസ രംഗത്തെ സംബന്ധിച്ചിടത്തോളം അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷം ഉണ്ടായിരിക്കുകയാണ്. ഇതിന്റെ ഉത്തരവാദിത്വം മുഴുവൻ സർക്കാരിനാണ്. ഇവിടെ സംജാതമായ പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാരിന് പ്രാപ്തിയില്ലെന്ന് തെളിഞ്ഞിരിക്കുകയാണ്. പരീക്ഷ കഴിഞ്ഞ് ആറുമാസം കഴിഞ്ഞിട്ടും പൂർണ്ണവും ശരിയുമായ പരീക്ഷാഫലം പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞിട്ടില്ലെന്ന് മന്ത്രിതന്നെ ഈ സഭയിൽ

LIBRARY ARCHIVES Kerala Legislative Assembly

നത്തിൽ വച്ച് സമ്മതിച്ചിരിക്കുകയാണ്. ഈ ഒരൊറ്റ കാരണം കൊണ്ട് ഇന്നത്തെ ഗുരുതരമായ സാഹചര്യങ്ങളെക്കുറിച്ച് സഭാ നടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ഡെപ്യൂട്ടി സ്പീക്കറോടും സഭയോടും അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി : (ശ്രീ. ടി. എം. ജേക്കബ്) : സർ, ഞാൻ ആദ്യം യഥാർത്ഥസ്ഥിതി വിവരങ്ങളാണ് ഇവിടെ സൂചിപ്പിച്ചത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ചതുപോലെ 4199 പേരുടെ പരീക്ഷാ ഫലമാണ് പ്രസിദ്ധീകരിക്കാൻ ഉണ്ടായിരുന്നത്. അതിൽ കേരള യൂണിവേഴ്സിറ്റിയിൽ 3726 പേരുടെയും കാലിക്കട്ട് യൂണിവേഴ്സിറ്റിയിൽ 350 പേരുടെയും ഗാന്ധിജി യൂണിവേഴ്സിറ്റിയിൽ 123 പേരുടെയും ഫലമാണ് തടഞ്ഞു വച്ചിരുന്നത്. ഇപ്പോൾ പ്രത്യേകമായി പണമടച്ച് മാർക്ക് ലിസ്റ്റുകൾ ആവശ്യപ്പെട്ട 2500 കുട്ടികൾക്ക് മാർക്ക് ലിസ്റ്റ് കൊടുത്തു കഴിഞ്ഞു. ഇനി അവശേഷിക്കുന്ന 1226 കേസുകളിൽ 196 എണ്ണം മാത്രം പ്രാക്ടീസ് കേസുകളാണ്. പിന്നീട് അവശേഷിക്കുന്നത് 1030 കേസുകളാണ്. കാലിക്കട്ട് യൂണിവേഴ്സിറ്റിയിലെയും ഗാന്ധിജി യൂണിവേഴ്സിറ്റിയിലെയും സ്ഥിതി ഞാൻ വിശദീകരിക്കുകയുണ്ടായി. അതിൽ ആകെ അവശേഷിക്കുന്നത് 1374 കുട്ടികളുടെ പരീക്ഷാഫലമാണ്. ഇതിൽത്തന്നെ പല കേസുകളിലും കുട്ടികൾ പരീക്ഷയ്ക്കുള്ള അപേക്ഷാഫാറം കൊടുത്ത അവസരത്തിൽ മുമ്പുള്ള വർഷം അവർ പരീക്ഷ എഴുതിയതിന്റെ ഡീറെയിൽസ്—രജിസ്റ്റർ നമ്പർ, പരീക്ഷ എഴുതിയ സെന്റർ ഇങ്ങനെയുള്ള കാര്യങ്ങൾ കൊടുക്കാതെ വന്നതുകൊണ്ടാണ്. അവരുടെ പരീക്ഷാഫലം പ്രസിദ്ധീകരിക്കാൻ കഴിയാതെ വന്നത് എന്നാണ് യൂണിവേഴ്സിറ്റി അധികാരികൾ ഇന്ന് രാവിലെയും എന്നെ അറിയിച്ചിട്ടുള്ളത്. അതുപോലെ തന്നെ സമരകാലത്തുണ്ടായ പരിതാപകരമായ സംഭവങ്ങളെത്തുടർന്ന് കുറെ കുട്ടികളുടെ യഥാർത്ഥ മാർക്ക് ലിസ്റ്റ് കണ്ടെടുക്കാൻ കഴിയാതെ വന്നിട്ടുണ്ട്. ഈ കാരണങ്ങൾ കൊണ്ട് പല പ്രസിദ്ധീകരണത്തിനും തടസ്സം നേരിട്ടിട്ടുണ്ട്. ഇപ്പോൾ കഴിഞ്ഞ സെപ്റ്റംബർ മാസം 7-ാം തീയതി സസ്പെൻഡ് ചെയ്യപ്പെട്ട സിൻഡിക്കേറ്റുകൾ അധികാരത്തിൽ വന്നിട്ടുണ്ട്. സഭയ്ക്ക് അറിയാവുന്നതുപോലെ യൂണിവേഴ്സിറ്റിയുടെ ഭരണം പൂർണ്ണമായി നിയന്ത്രിക്കാനും നോക്കുവാനുമുള്ള പരിപൂർണ്ണമായ അധികാരം സിൻഡിക്കേറ്റുകൾക്കുണ്ട്. സിൻഡിക്കേറ്റുകൾ ഈ കാര്യം പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്.

സർ, ഇവിടെ പ്രതിപക്ഷ നേതാവ് സൂചിപ്പിച്ച മറ്റൊരു കാര്യം 7044 പരാതികളെ സംബന്ധിച്ചാണ്. ആ 7044 പരാതികളിൽ ഇനി അവശേഷിക്കുന്നത് 326 പരാതികളാണ്. ഈ പരാതികളിൻമേൽ തീരുമാനമെടുക്കേണ്ടതുണ്ട്. ബാക്കിയുള്ള കാര്യങ്ങൾ തീരുമാനമായിട്ടുണ്ട്. ഒരു കാര്യം സഭയുടെ ശ്രദ്ധയിൽപെടുത്താൻ ഞാൻ ആഗ്രഹിക്കുന്നത്. സമരകാലത്ത് സമരം നടത്തിയ ജീവനക്കാർ തന്നെ അതിന്റെ അവസാന രംഗത്ത്, ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങൾ തന്നെ ഈ നടപടികൾ സസ്പെൻഷൻ നടപടി അടക്കമുള്ള നടപടികൾ പിൻവലിക്കാൻ യൂണിവേഴ്സിറ്റി തയ്യാറായാൽ, ഈ ജീവനക്കാർ തിരിച്ചുവന്നാൽ, 10 ദിവസത്തിനകം പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതാണെന്ന് ഈ സഭയിൽ സൂചിപ്പിക്കുകയുണ്ടായി. ജീവനക്കാരും ഈ കാര്യം പറഞ്ഞിട്ടുണ്ട്. ഇന്ന് അവർ തിരികെ വന്നിട്ടുണ്ട്. അവർ ഈ കാര്യത്തിൽ ശ്രമം നടത്തുന്നുണ്ട് എന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. എന്താണെങ്കിലും അവശേഷിക്കുന്ന ഏതാനും കേസുകളിൽക്കൂടി അധികം താമസിക്കാതെ തന്നെ തീരുമാനം ഉണ്ടാക്കാൻ കഴിയുമെന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

പൂർണ്ണമായ പ്രതീക്ഷയുണ്ട്. വളരെ ഗുരുതരമായ ഒരു സ്ഥിതിവിശേഷം ഇപ്പോഴും നിലവിലില്ല. അതുകൊണ്ട് സഭാനടപടികളും നിറുത്തിവച്ച് ഈ കാര്യം ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്നാണ് എനിക്ക് സഭയെ അറിയിക്കാനുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഇപ്പോഴും സഭാനടപടികളും നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ഗുരുതരമായ ഒരു അവസ്ഥ ഇല്ല എന്നതുകൊണ്ട് അടിയന്തിര പ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

ശ്രീ. ഇ. കെ. നായനാർ : ഡെപ്യൂട്ടി സ്പീക്കർ സർ, ഇതിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ വസ്തുതകളും കണക്കിലെടുത്താൽ, ഇത്രയും ഒരു നടപടിക്രമം കാലിക്കട്ട് യൂണിവേഴ്സിറ്റിയിലും തുടർന്നുവരുകയാണ്. അതുപോലെതന്നെ കരിക്കാലികളുടെ പ്രൊമോഷൻ തുടർന്നു വരുകയാണ്. ആയിരക്കണക്കിന് വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും ഏപ്രിൽ മാസത്തിൽ നടന്ന പരീക്ഷയെ സംബന്ധിച്ച് പരാതികളുണ്ട്. ഇന്ന് ഒക്ടോബർ മാസമായി എന്നിട്ടും ഫലപ്രഖ്യാപനം പൂർണ്ണമായി വന്നിട്ടില്ല എന്നുള്ളത് അങ്ങേയറ്റം ഖേദകരമാണ്. ആ തരത്തിൽ ദുരിതം സൃഷ്ടിച്ചുകൊണ്ടുള്ള ഒരു വിദ്യാഭ്യാസ സംവിധാനം ഇവിടെ തുടർന്നുവരുന്നതിന് എതിരായിട്ട് ഒരു ദിവസം മുഴുവൻ ചർച്ചചെയ്തുകൊണ്ട് ഒരു പരിഹാര നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിച്ചത് നിരാകരിച്ചതിൽ ഞാൻ പ്രൊട്ടസ്റ്റ് ചെയ്തുകൊണ്ട് വാക്കൗട്ട് നടത്തുന്നു.

(ശ്രീ. ഇ. കെ. നായനാരും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റംഗങ്ങളും സഭ വിട്ടിറങ്ങിപ്പോയി.)

ശ്രീ. കെ.പി. പ്രഭാകരൻ : സർ, വളരെ ഗൗരവമായ ഒരു കാര്യമാണിത്. ആയിരക്കണക്കിന് വിദ്യാർത്ഥികളും അവരുടെ രക്ഷിതാക്കളും അവരുടെ ഭാവി, ജീവിതത്തെ ഓർത്ത് ഇന്നും കണ്ണീരൊഴുക്കിക്കൊണ്ട് അലയുകയാണ്. ഒരു സഹതാപം പോലും മന്ത്രി മറുപടി പറഞ്ഞപ്പോഴും ഇവിടെ പ്രകടിപ്പിച്ചു കണ്ടില്ല. ഒരു മന്ത്രിയുടെ ദുർവാശിക്കുവേണ്ടി ഇത്രയേറെ വിദ്യാർത്ഥികളുടെ ഭാവി അപകടത്തിൽപ്പെടുത്തുകയും, ഈ സംസ്ഥാനത്തിൽ നിരവധി രക്ഷിതാക്കളെ ദുഃഖത്തിലാഴ്ത്തുകയും ചെയ്ത ഈ സംഭവം സഭയിൽ ചർച്ച ചെയ്യേണ്ടെന്നുവച്ചാൽ അത് പ്രതിഷേധാർഹമാണ്. ഇവിടെ പരീക്ഷ നടന്നിട്ട് ആറ് മാസം കഴിഞ്ഞു. ഇനിയും ഫലം പ്രഖ്യാപിക്കാൻ കഴിയുന്നില്ലെന്നാണ് പറയുന്നത്. ആ കണക്ക് വിശ്വസനീയമല്ല. അതേസമയം ഫലം പ്രഖ്യാപിച്ചതിൽ തന്നെ മാർക്ക് ലിസ്റ്റ് കിട്ടാതെ, മാർക്ക് ലിസ്റ്റ് ഹാജരാക്കാമെന്നുള്ള നിലയ്ക്ക് പ്രൊഫഷണൽ കോളേജുകളിലും മറ്റും സീറ്റ് കിട്ടിയിട്ടുള്ള വിദ്യാർത്ഥികൾക്ക് മാർക്ക് ലിസ്റ്റ് ഹാജരാക്കാൻ കഴിയാതെ കിട്ടിയ സീറ്റും നഷ്ടപ്പെടുമെന്നുള്ള അങ്ങേയറ്റത്തെ ഭീതിയിൽ കഴിയുകയാണ്. ഇത് പറയുമ്പോഴും എന്താണിതിന്റെ ഭാവി, ഇനി എന്ന് തീരുമെന്നാണ് പറയുന്നതും. സമരം കഴിഞ്ഞ് മാസം രണ്ട് കഴിഞ്ഞു. ജീവനക്കാരെ ആ ജോലി നിർവഹിക്കാൻ അനുവദിച്ചിട്ടില്ല. മാത്രമല്ല കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ തന്നെ ഇതിനെപ്പറ്റി ചർച്ച ചെയ്ത അവസരത്തിൽ സമരക്കാരെ ആക്ഷേപിക്കാൻ വേണ്ടിയാണെങ്കിൽപ്പോലും വിദ്യാഭ്യാസ മന്ത്രി ചില കാര്യങ്ങളും പറഞ്ഞു. പരീക്ഷാക്കടലാസുകളും കാണുന്നില്ല, മാർക്ക് ലിസ്റ്റുകളും കാണുന്നില്ല എന്നു പറഞ്ഞു. ഇവിടെ അങ്ങാടിയിൽ പരീക്ഷാപേപ്പറുകളും വിൽപ്പന നടത്തിയതായിട്ടുള്ള തെളിവുകളും സഭയിൽ ഹാജരാക്കി. ഇതിൽ നിന്നെല്ലാം മനസിലാക്കേണ്ടത് ഇനി ഈ കുട്ടികളുടെ ലിസ്റ്റ് ഇനിയും

LIBRARY ARCHIVES Kerala Legislative Assembly

പ്രസിദ്ധീകരിക്കാൻ കഴിയാത്ത ഒരു അവസ്ഥയിലാണെന്നാണ്. അങ്ങനെ വന്നാൽ അവരുടെ ഭാവിയെന്താണ് ? അവർക്ക് പ്രീ-ഡിഗ്രി ഫലത്തെ സംബന്ധിച്ചിടത്തോളം എങ്ങനെ മാർക്ക് ലിസ്റ്റ് കിട്ടും ? അവർക്ക് ഇനി അടുത്ത വിദ്യാഭ്യാസ വർഷവും പഠനം മുന്നോട്ട് കൊണ്ടുപോകുന്നതിന് എന്താണ് പോംവഴി ? ഇത് അങ്ങനെ മാസങ്ങളായിട്ടും തീരാത്ത സ്ഥിതിക്ക് അവരുടെ ഭാവിയെക്കുറിച്ച് വ്യക്തമായ ഒരു രൂപം കൊടുക്കാൻ ഇനിയും വിദ്യാഭ്യാസ മന്ത്രിക്ക് കഴിഞ്ഞിട്ടില്ല. ഈ മന്ത്രിയുടെ തനി ധിക്കാരത്തിന്റെയും ദുർവാശിയുടെയും പ്രീ-ഡിഗ്രി ബോർഡ് ഉടൻ തന്നെ സ്ഥാപിക്കണമെന്നുള്ള വാശിയുടെയും ഫലമായിട്ടാണ് ഇതൊക്കെ സംഭവിച്ചത്. ഇതിന്റെ ഫലമായി ആയിരക്കണക്കിന് വിദ്യാർത്ഥികളും തെരുവാധാരമായിട്ടുള്ള, ആയിരക്കണക്കിന് രക്ഷിതാക്കളെ കണ്ണീരിലാഴ്ത്തിയ ഈ സംഭവത്തെക്കുറിച്ച് വളരെ ഗൗരവമായി തന്നെ ഈ സഭ ചർച്ച ചെയ്യണം. അതിന് അനുവദിക്കാത്ത നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. കെ. പി. പ്രഭാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽ നിന്നും ഇറങ്ങിപ്പോയി.)

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, ഇൻഡ്യൻ യൂണിവേഴ്സിറ്റികളിൽ മാന്യതയും അംഗീകാരവും ഉള്ള യൂണിവേഴ്സിറ്റിയായിരുന്നു കേരള യൂണിവേഴ്സിറ്റി. ബഹുമാനപ്പെട്ട ശ്രീ. ജേക്കബ് ദുർവാശിപിടിച്ച് ഒരു കാരണവുമില്ലാതെ, പ്രീ-ഡിഗ്രി ബോർഡ് ആഗസ്റ്റിൽ തന്നെ നടപ്പാക്കുമെന്ന് പറഞ്ഞു. പിന്നെ ഇപ്പോഴം നിയമസഭയിൽ പറഞ്ഞു ഏതായാലും ഇക്കൊല്ലം ഇല്ലെന്ന്. ഇക്കൊല്ലം അത് ഇല്ലാത്ത സ്ഥിതിക്ക് കടന്നൽക്കൂട്ടിൽ കല്ലെറിയുന്നതുപോലെ..... അപ്പുറത്ത് ശ്രീ. സീതിഹാജിയുണ്ട്. ലീഗുകാരുണ്ട്. അവർ സമ്മതിക്കുമോ മി. ജേക്കബ് ? ഭരണമുന്നണിയിൽ ലയിസോൺ കമ്മറ്റിക്ക് ഒരു തീരുമാനമെടുക്കുൻ കഴിഞ്ഞോ ? എത്രയെണ്ണം മാറ്റിവച്ചിട്ടുണ്ട്. ഇപ്പോഴം പറയുന്നു ഇക്കൊല്ലം നടക്കുകയില്ലയെന്ന്. നടത്താൻ നിങ്ങൾക്ക് സാധിക്കുകയില്ല. അന്ന് ഞങ്ങൾ പറഞ്ഞു വെറുതെ ജീവനക്കാരുമായി കുഴപ്പമുണ്ടാക്കരുതെന്ന്.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) : സർ, ഇറങ്ങിപ്പോകുമ്പോൾ പ്രസംഗിക്കുന്നതിന് വിരോധമൊന്നുമില്ല. പക്ഷേ മറ്റ് രാഷ്ട്രീയ പാർട്ടികളെ സംബന്ധിച്ചും മറ്റുമുള്ള കാര്യങ്ങൾ ഒരു allegation രൂപത്തിൽ പറയുന്നത് ശരിയാണോ ?

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, ഞങ്ങൾ അന്നുപറഞ്ഞു ദയവു ചെയ്ത് ഈ പരീക്ഷാസമയത്ത് ആവശ്യമില്ലാത്ത കാര്യത്തിന് വാശി പിടിക്കാതെ ഒരു ഒത്തു തീർപ്പാക്കണമെന്ന്. അത് കേട്ടില്ല. അന്ന് പറഞ്ഞു നിങ്ങൾ എന്ത് പറഞ്ഞാലും ശരി ഞാൻ ഇവിടെ വിദ്യാഭ്യാസമന്ത്രിയാണെങ്കിൽ തീർച്ചയായും റിസൾട്ട് ഇന്ന ദിവസത്തിന് മുമ്പ് പ്രസിദ്ധീകരിക്കുമെന്ന്. ഏതായാലും ഇന്നലെ അദ്ദേഹം സമ്മതിച്ചു, ഒക്ടോബർ മാസം 22 ആയിട്ടും ഡിഗ്രി കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് ഇനിയും സമയം നീട്ടിക്കൊടുത്തിരിക്കുന്നുവെന്ന്. അതിന്റെ അർത്ഥമെന്താണ് ? അദ്ദേഹം തന്നെ സമ്മതിക്കുന്നു ഒക്ടോബർ മാസം 22-ാം തീയതിയായിട്ടും ഡിഗ്രി കോഴ്സുകളിലേക്കുള്ള പ്രവേശനം പൂർത്തീകരിച്ചിട്ടില്ലെന്ന്.

ഇവിടെ പറഞ്ഞത് പ്രസിദ്ധീകരിക്കാത്ത റിസൾട്ടുകളുടെ എണ്ണമാണ്; കുട്ടികളിൽ നിന്നും പരാതി കിട്ടിയതിന്റെ എണ്ണമാണ്. കോഴിക്കോട് യൂണിവേഴ്സിറ്റിയുടെ കാര്യം എനിക്കറിയാം. ആയിരക്കണക്കിന് ആളുകൾ

LIBRARY ARCHIVES Kerala Legislative Assembly

പരാതി കൊടുക്കാൻ കഴിവില്ലാത്തവരാണ്. കാസർകോട്ടുകാരും, വയനാട്ടുകാരും പരാതി കൊടുക്കാറില്ല. പരാതികൊടുത്തവരെ മാത്രമേ ഇവിടെ പറയുന്നുള്ളു. അതിന്റെ എത്രയിരട്ടിയാണ് പരാതികൊടുക്കാത്തവർ. പ്രീ-ഡിഗ്രി ജയിച്ചവർക്ക് സർട്ടിഫിക്കറ്റ് കിട്ടിയിട്ടില്ല. ഇന്ന് തിരൂരങ്ങാടി കോളേജിൽ 200 കുട്ടികളെ റീ-വെരിഫിക്കേഷന് അയച്ചിരിക്കുന്നു. ഓരോ കോളേജിലും ജയിച്ച കുട്ടികളെ തോൽക്കപ്പെടുന്നു. റാങ്കുകളെ മാറി തിരുത്തപ്പെടുന്നു. നാളെ ഡിഗ്രി ക്ലാസുകളെ രണ്ട് മാസക്കാലം പഠിച്ചതിനുശേഷം ഡിഗ്രി ക്ലാസ്സിലെ കുട്ടികളെ തോറ്റതായ റിപ്പോർട്ട് വരും. ഞങ്ങളെ പറയുന്നത് ഈ കേരളത്തിലെ കലാലയ വിദ്യാഭ്യാസത്തിന് ഒരു 'ഹോളിഡേ'' യാണ് ഈ വർഷമെന്നാണ്. അത്തരം ഗുരുതരമായ സംഭവങ്ങൾ ഉണ്ടായിരിക്കുന്നു. നമ്മുടെ സർട്ടിഫിക്കറ്റുകളെ കൃത്രിമമാണെന്ന് യൂണിവേഴ്സിറ്റി തന്നെ സമ്മതിക്കുന്നു. ആ ഒരു സാഹചര്യത്തിൽ കുട്ടികളുടെ ഭാവിയെ ഓർത്തുകൊണ്ട് നാളത്തെ തലമുറയെ ഓർത്തുകൊണ്ട്.....ശ്രീ. കരുണാകരന്റെ അങ്ങയുടെ മകനാണ് ജയിച്ചതിനുശേഷം തോറ്റു എന്നു പറഞ്ഞാൽ അങ്ങേയ്ക്കും കുടുംബങ്ങൾക്കും ഉണ്ടാകാവുന്ന മാനസികാഘാതം എന്താണ്? ആയിരക്കണക്കിന് കുടുംബങ്ങൾ വാവിട്ട് നിലവിളിക്കുന്നു. അവർ ദുഃഖിക്കുന്നു. അവരോട് സഹതാപം കാണിക്കാനുള്ള ഒരു സാമാന്യമര്യാദയെങ്കിലും കാണിക്കണം. ഇത് സഭ ചർച്ച ചെയ്യേണ്ട കാര്യമാണ്. അതിനെക്കുറിച്ച് ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാകാത്ത അവസ്ഥയിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും സഭ വിട്ടിറങ്ങിപ്പോകുന്നു.

ശ്രീ. എ. സി. ഷൺമുഖദാസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽ നിന്നും ഇറങ്ങിപ്പോയി.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഒരു ബുദ്ധിമുട്ടുള്ള പ്രശ്നമുണ്ട്. അങ്ങ് ചർച്ച അനുവദിക്കുന്നില്ലെന്നു പറഞ്ഞതിനുശേഷം ഏകപക്ഷീയമായിട്ട് ചർച്ച നടന്നാൽ മറുപടി പറയേണ്ടിവരും. അല്ലെങ്കിൽ ഈ പറഞ്ഞതെല്ലാം ഏകപക്ഷീയമായിട്ട് രേഖയിൽ കിടക്കും. ഒരു ഷോർട്ട് സ്റ്റേറ്റുമെന്റ് ആണെങ്കിൽ മനസ്സിലാക്കാം. മറ്റ് ഡിറെയിൽസിലേക്ക് പോയാൽ ഏകപക്ഷീയമായിട്ട് രേഖയിൽ കിടക്കും. ഇത് ബുദ്ധിമുട്ടുണ്ടാക്കുന്ന സംഗതിയാണ്.

ശ്രീ. ബേബി ജോൺ : സർ, ബഹുമാനപ്പെട്ട മന്ത്രി ചർച്ചയ്ക്ക് സമ്മതിച്ചിരുന്നുവെങ്കിൽ നമുക്ക് ഈ ബുദ്ധിമുട്ട് വരുകയില്ലായിരുന്നു. പറയാനുള്ള കാര്യങ്ങൾ പറയാതിരിക്കാനൊക്കുമോ? അതുകൊണ്ട് തന്നെയാണ് വാക്കൗട്ട് നടത്തുന്ന അവസരത്തിൽ പ്രസ്താവന നടത്താമെന്ന് എല്ലാവരുംകൂടി തീരുമാനിച്ചത്. വളരെ ഗൗരവമുള്ള ഒരു കാര്യമല്ലേ ഇത്? നമ്മുടെ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ എവിടെയെങ്കിലും ഇതുപോലൊരു സ്ഥിതിവിശേഷം ഈ വിദ്യാഭ്യാസമേഖലയിൽ വന്നിട്ടില്ല, ഇപ്പോൾ വളരെ ലാഘവത്തോടുകൂടിയാണ് പറയുന്നത്, ഇതിന്റെ കാരണങ്ങളെപ്പറ്റി, ഞാൻ വളരെ വിശദമായി പറയാൻ ആഗ്രഹിക്കുന്നില്ല. ഈ ഗവൺമെന്റിന്റെ അലംഭാവവും, പിടിവാശിയും, അഹങ്കാരവുമാണ് ഈ സ്ഥിതിവിശേഷത്തിലേയ്ക്ക് നമ്മെ കൊണ്ടെത്തിച്ചത്. എൺപതിനായിരത്തോളം കുട്ടികൾ പ്രീ-ഡിഗ്രിക്ക് തോറ്റവർ സൈപ്ലിമെന്ററിൽ പരീക്ഷ എഴുതി. അവരുടെ ഒരു വർഷവും പോയി. നമുക്ക് അത് നിസ്സാരമായി പറയാം. പക്ഷേ അവരുടെ മാതാപിതാക്കന്മാരെപ്പറ്റി നിങ്ങൾ ആലോചിക്കൂ? അവരുടെ നാളത്തെ ഭാവിയെപ്പറ്റി നിങ്ങൾ ആലോചിക്കൂ. ഈ സംസ്ഥാനത്ത് ആയിരക്കണക്കിന് കുഞ്ഞുങ്ങൾക്ക് ഒരു വർഷം നഷ്ടപ്പെട്ടു. അങ്ങേയ്ക്ക് അതറി

LIBRARY ARCHIVES Kerala Legislative Assembly

യില്ലേ? ഒരു വർഷം നഷ്ടപ്പെട്ടാൽ ഉണ്ടാകുന്ന ബുദ്ധിമുട്ട്—ഇനിയെന്നാണ് അവർ പരീക്ഷ എഴുതുന്നത്. കോളേജുകളിൽ ഇപ്പോഴും രണ്ട് ടേമായി. എന്നിട്ട് ഇതുവരെ തുടങ്ങിയിട്ടില്ല. പ്രീ-ഡിഗ്രി ക്ലാസ് എന്നാണ് തുടങ്ങിയത്?. അങ്ങുതന്നെ ഒന്ന് ആലോചിക്കൂ; ഇപ്പോഴും റയുന്നു അപേക്ഷിച്ചവർക്ക് റിസൾട്ട് കൊടുത്തുവെന്ന്. ഈ നാലായിരത്തോളം അപേക്ഷകരും എങ്ങനെവന്നു? എന്താണ് കാരണമെന്ന് അറിയാമോ? വീണ്ടും ഒരു റിസൾട്ട് വന്നുവെന്ന് പറയുന്നത് ദോശമാണെന്ന് ഗവൺമെൻറിനു തോന്നിയതുകൊണ്ടാണ്. ഇതു വളരെ ഗൗരവമുള്ള ഒരു കാര്യമാണ്. ഇതു ഇങ്ങനെയങ്ങ് തീർക്കാനൊക്കുമോ? ഇങ്ങനെ പോയാൽ നമ്മുടെ നാട്ടിന്റെ സ്ഥിതിയെന്താണ്? നമ്മുടെ കുഞ്ഞുങ്ങളുടെ സ്ഥിതിയെന്താണ്? ആർക്കെങ്കിലും പ്രൊഫഷണൽ കോളേജിൽ ഇത്തവണ അഡ്മിഷൻ കിട്ടിയോ? ഇത് സമരക്കാരുടെ കുറ്റമാണോ? ഈ ഗവൺമെൻറിന്റെ അലംപത്വമാണ്; ഈ ഗവൺമെൻറിന്റെ അഹങ്കാരമാണ് ഇതിനു കാരണം. കുട്ടികളുടെ ഭാവിയെക്കുറിച്ച് നമുക്ക് ഒരുമിച്ചിരുന്നു ചർച്ചചെയ്യാം,, എങ്ങനെ ഇതിനു നമുക്ക് പോംവഴി കണ്ടുപിടിക്കാമെന്നുള്ളത് ആലോചിക്കാൻ പോലും തയ്യാറാകാത്ത ഈ ഗവൺമെൻറിന്റെ നടപടിയിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു. ശ്രീ. ബേബി ജോണും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റംഗങ്ങളും സഭയിൽ നിന്നു ഇറങ്ങിപ്പോയി.

ശ്രീ. എസ്. ആർ. തങ്കരാജ് :—സാർ, കേരളത്തിലെ മൂന്ന് യൂണിവേഴ്സിറ്റികളിലായി പതിനായിരക്കണക്കിനു വിദ്യാർത്ഥികളേയും രക്ഷകർത്താക്കളേയും അതുപോലെതന്നെ അദ്ധ്യാപകരേയും തീരാദുഃഖത്തിലാഴ്ത്തി അവരുടെ ഭാവി ത്രിശങ്കു സ്വർഗ്ഗത്തിൽ നിൽക്കുന്ന ഈ സന്ദർഭത്തിൽ അതിനെക്കുറിച്ച് ഒരു വേദപ്രകടനം നടത്താൻപോലും തയ്യാറാകാത്ത ഒരു മന്ത്രി ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അപമാനകരമാണ്. ഞാൻ ഇന്നലെതന്നെ പല വിദ്യാർത്ഥികളുടെയും പരീക്ഷാപേപ്പറുകൾ കാണാത്തതിനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. അപ്പോഴും ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് പേപ്പറുകൾ കാണാത്തതല്ല, അതിന്റെ പ്രീവിയസ് പേപ്പേഴ്സ് കാണാത്തതുകൊണ്ടാണ് എന്നാണ്. ഇവിടെ അപേക്ഷകൾ കൊടുത്തിട്ടുള്ള പല വിദ്യാർത്ഥികൾക്കും മുൻവർഷത്തെ മാർക്കിന്റെ അടിസ്ഥാനത്തിലുള്ള മാർക്ക് ലിസ്റ്റുകൾ കൊടുക്കുന്നതല്ലാതെ യാതൊരു രേഖകളും നോക്കിയല്ല കൊടുക്കുന്നത്. ഇവിടെ ഒരു റിസൾട്ട് പ്രഖ്യാപനം നടത്തി. ആ റിസൾട്ട് പ്രഖ്യാപനത്തോടനുബന്ധിച്ച് ചില ശതമാനങ്ങൾ പ്രഖ്യാപിച്ചു സർ. അതിനുശേഷം വീണ്ടും ആയിരക്കണക്കിനു വിദ്യാർത്ഥികൾ ജയിച്ചതായി ഫലപ്രഖ്യാപനം വന്നിട്ടുണ്ട്. ഇപ്പോഴും പതിനായിരക്കണക്കിനു തോറ്റ വിദ്യാർത്ഥികൾക്ക് സെപ്റ്റംബർ പരീക്ഷ എഴുതാൻ സാധിക്കാതെ വന്നിരിക്കുകയാണ്. സെപ്റ്റംബർ കഴിഞ്ഞ് ഒക്ടോബർ ആയി, ഇപ്പോൾ നവംബർ ആകാൻ പോകുകയാണ്. ഈ സന്ദർഭത്തിൽപ്പോലും ഇതേക്കുറിച്ച് ചർച്ച ചെയ്യാനോ ഭാവി മാർഗ്ഗനിർദ്ദേശങ്ങൾ വയ്ക്കാൻ പോലും തയ്യാറാകാത്ത ഈ ഭരണത്തിൽ പ്രതിഷേധിച്ചും, ചർച്ചചെയ്യാൻ അവസരം നൽകാത്തതിലും പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും ഇറങ്ങിപോകുന്നു.

ശ്രീ. എസ്. ആർ. തങ്കരാജും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽ നിന്നും ഇറങ്ങിപ്പോയി.

LIBRARY ARCHIVES Kerala Legislative Assembly